**മധുരമായ കുട്ടികളേ - നിങ്ങൾ ദുഃഖ ഹർത്താവും സുഖ കർത്താവുമായ ബാബയുടെ കുട്ടികളാണ്, നിങ്ങൾ മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം നൽകരുത്, സർവ്വർക്കും സുഖം കൊടുക്കൂ.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ മനുഷ്യനിൽ നിന്നും ദേവതകളാവുകയാണ് അതിനാൽ നിങ്ങളിൽ മുഖ്യ മായും ഏതൊരു ധാരണയാണ് ഉണ്ടായിരിക്കേണ്ടത്?

**ഉത്തരം:-** നിങ്ങളുടെ വായിൽ നിന്നും വരുന്ന ഓരോ ശബ്ദവും മനുഷ്യരെ വജ്രസമാനമായവരാക്കണം- അങ്ങനെയുള്ള ശബ്ദങ്ങളാണ് നിങ്ങളിൽ നിന്നും വരേണ്ടത്. നിങ്ങൾക്ക് വളരെ മധുരമാകണം, സർവ്വർക്കും സുഖം കൊടുക്കണം. ആർക്കെങ്കിലും ദുഃഖം കൊടുക്കുന്ന രീതിയിലുള്ള ചിന്ത പോലും വരരുത്. നിങ്ങൾ അങ്ങനെയുള്ള സത്യയുഗീ സ്വർഗ്ഗമാകുന്ന ലോകത്തിലേക്കാണ് പോകുന്നത് എവിടെയാണോ സദാ സുഖം മാത്രം സുഖമായിരിക്കുന്നത്. ദുഃഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരിക്കുകയില്ല. അതി നാൽ നിങ്ങൾ കുട്ടികൾക്ക് ബാബയുടെ ശ്രീമതം ലഭിച്ചിട്ടുണ്ട് കുട്ടികളേ, ബാബക്കു സമാനം ദുഃഖത്തെ ഹരിച്ച് സുഖം കൊടുക്കുന്നവരാകണം. സർവ്വരുടേയും ദുഃഖത്തെ ഇല്ലാതാക്കി സുഖം കൊടുക്കുക എന്നതാണ് നിങ്ങളുടെ കർത്തവ്യം.

**ഗീതം -** ഈ പാപത്തിന്റെ ലോകത്തിൽ നിന്നും....

**ഓം ശാന്തി**. കുട്ടികൾ ഈ ഗീതം കേട്ടോ. കുട്ടികൾക്ക് അറിയാം നമ്മൾ പുരുഷാർത്ഥം ചെയ്യുന്നത് മായ യില്ലാത്ത ലോകത്തേക്കു പോകുന്നതിനാണ്, അവിടെ ഒരിക്കലും മനസ്സാ വാചാ കർമ്മണാ ആരും ആർക്കും ദുഖം കൊടുക്കില്ല. അതിനാൽ ആ ലോകത്തിന്റെ പേര് സ്വർഗ്ഗം, പാരഡൈസ്, വൈകുണ്ഠം എന്നെല്ലാം പറയുന്നു. തീർച്ചയായും അവിടുത്തെ അധികാരികളായി കാണിക്കാറുള്ളത് ലക്ഷ്മി നാരായണന്റെ ചിത്ര മാണ്. പ്രജകളുടെ ചിത്രം കാണിക്കില്ലല്ലോ. ലക്ഷ്മി നാരായണന്റെ ചിത്രമുണ്ട്, അതിലൂടെ തെളിയുന്നു, തീർച്ചയായും അവരുടെ രാജധാനിയിൽ അതുപോലെയുള്ള മനുഷ്യരാണ് ഉണ്ടാവുക. ഭാരതത്തിലാണ് ഈ സ്വർഗ്ഗത്തിന്റെ അധികാരികൾ ഉണ്ടായിരുന്നത്, അവിടെ ദുഖത്തിന്റെ പേരോ അടയാളമോ ഉണ്ടായി രുന്നില്ല. മനസ്സാ-വാചാ-കർമ്മണാ ആരും പരസ്പരം ദുഖം കൊടുത്തിരുന്നില്ല. ബാബയും ഒരിക്കലും ആർക്കും ദുഖം കൊടുക്കുന്നില്ല, ദുഖത്തെ ഹരിച്ച് സുഖം നൽകുന്നവൻ എന്നാണല്ലോ ബാബയെ വിളി ക്കുന്നത്. ആ ബാബ ഇപ്പോൾ കുട്ടികളെ പഠിപ്പിക്കുകയാണ്. ഈ ലോകത്തിൽ എല്ലാവരും മനസ്സാ-വാ ചാ-കർമ്മണാ പരസ്പരം ദുഖം നൽകുന്നവരാണ് ഉള്ളത്. എന്നാൽ അവിടെ മനസ്സാ-വാചാ-കർമ്മണാ എല്ലാവരും സുഖമാണ് നൽകിയിരുന്നത്. പരംപിതാ പരമാത്മാവിനല്ലാതെ വേറെയാർക്കും നിങ്ങളെ സ്വർഗ്ഗ ത്തിന്റെ അധികാരികളാക്കാൻ സാധിക്കുകയില്ല. തീർച്ചയായും സ്വർഗ്ഗം ഉണ്ടായിരുന്നു. ഇവിടെയും നോക്കൂ ശാസ്ത്രം എന്തെല്ലാമാണ് ഉണ്ടാക്കി കൊണ്ടിരിക്കുന്നത്. വിമാനവും, വാഹനങ്ങളും, കൊട്ടാരങ്ങളും എങ്ങനെയെല്ലാമാണ് നിർമ്മിക്കുന്നത്. അവിടെയും സയിൻസിന്റെ ശക്തിയിലൂടെ എല്ലാം നടക്കും. ഭൂമി യിൽ നിന്നും വൈകുണ്ഠം ഉയർന്ന് വരുകയൊന്നുമില്ല. കാണിക്കുന്നുണ്ടല്ലോ ദ്വാരക സമുദ്രത്തിന്റെ താഴേക്ക് പോയി എന്ന്. എന്താണോ സമുദ്രത്തിന്റെ താഴേക്ക് പോയത് അത് മുങ്ങി ഇല്ലാതായിട്ടുണ്ടാകും. പുതിയതായി എല്ലാം ഉണ്ടാകണമെങ്കിൽ, ബാബയിൽ നിന്നും ചക്രവർത്തി പദവി പ്രാപ്തമാകണമെങ്കിൽ മനസ്സാ വാചാ കർമ്മണാ ആർക്കും ദുഖം കൊടുക്കുന്നതിനുള്ള ചിന്ത പോലും വരരുത്. ഇത് മായയുടെ രാജ്യമാണ്. മനസ്സിൽ കൊടുങ്കാറ്റുകൾ വരും. ബാക്കി ഹൃദയത്തിൽ ആർക്കെങ്കിലും ദുഖം കൊടുക്കാ നുള്ള ചിന്ത വരരുത്. ഈ സമയത്ത് എല്ലാവരും പരസ്പരം ദുഖം കൊടുക്കുകയാണ്. ഇതിലൂടെ(വികാ രം) സുഖം നൽകുന്നു എന്നാണ് മനസ്സിലാക്കുന്നത്, എന്നാൽ ഇത് ദുഖമാണ്. ബാബയിൽ നിന്നും എല്ലാ വരുടെ മുഖവും തിരിഞ്ഞിരിക്കുകയാണ്. ഈ ഭക്തി മാർഗ്ഗവും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഡ്രാമയെ ആരും മനസ്സിലാക്കുന്നില്ല. ഞങ്ങൾ ശാസ്ത്രങ്ങൾ കേൾപ്പിക്കുന്നതും ജ്ഞാനമാണെന്നാണ് മറ്റുള്ളവർ മനസ്സിലാക്കുന്നത്. ജപിക്കുക, തപസ്സ് ചെയ്യുക ഇതിലൂടെയെല്ലാം മനുഷ്യന് മുക്തിയും ജീവന്മുക്തി ലഭിക്കും എന്നാണ് ചിന്തിക്കുന്നത്. അനേക പ്രകാരത്തിലുള്ള വഴികളാണ് പറഞ്ഞു കൊടുക്കുന്നത്. അനേക സമയം കൊണ്ട് ഭക്തി ചെയ്യുന്നതുകൊണ്ടാണ് ഭഗവാൻ വന്നതെന്നു പറയുന്നു. നമ്മളും പറയുന്നു, എപ്പോഴാണോ ഭക്തി പൂർത്തിയാകുന്നത് അപ്പോഴാണ് ഭഗവാൻ വരുന്നത്, വരുകയും ഭക്തിയുടെ ഫലം നൽകുകയും ചെയ്യും. അപ്പോൾ അതെല്ലാം ഭക്തിയുടെ ലൈനിലേക്കാണ് പോകുന്നത്. അതിനെ ജ്ഞാനം എന്ന് പറ യില്ല. ശാസ്ത്രങ്ങളുടെ ജ്ഞാനത്തിലൂടെ സദ്ഗതി ലഭിക്കില്ല. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ആർക്കും അറിയില്ല. നിങ്ങൾക്ക് അറിയാം പ്രാചീന ജ്ഞാന യോഗത്തിലൂടെ ഭാരതം സ്വർഗ്ഗ

മായി മാറിയിരുന്നു, അപ്പോൾ തീർച്ചയായും അത് അഭ്യസിപ്പിച്ചതും ഭഗവാനായിരിക്കാം. മനുഷ്യന് രാജയോഗം അഭ്യസിപ്പിക്കാൻ സാധിക്കില്ല. ഭഗവാൻ സഹജമായ രാജയോഗം അഭ്യസിപ്പിച്ചിട്ടുണ്ട് അതിനു ശേഷമാണ് ശാസ്ത്രങ്ങളെല്ലാം എഴുതപ്പെട്ടത്. ഇവിടെ സ്വയം ഭഗവാനാണ് ജ്ഞാനം മനസ്സിലാക്കി തരുന്നത്. ഗീതയിൽ കേവലം ഒരു തെറ്റാണ് ചെയ്തത് – പേര് മാറ്റി എഴുതി അതോടൊപ്പം സമയവും മാറ്റി കാണിച്ചു.

നിങ്ങൾക്കറിയാം ഇപ്പോൾ ഭഗവാൻ നമ്മളെ ജ്ഞാനവും രാജയോഗവും അഭ്യസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം വേറെ ഒരു ശാസ്ത്രത്തിലുമില്ല. കല്പത്തിന്റെ ആയുസ്സും വളരെ വലുതാക്കി കാണിച്ചിരിക്കുന്നു. മനുഷ്യർ അതേ ശാസ്ത്രം തന്നെയാണ് പഠിച്ചു കൊണ്ടിരിക്കുന്നത്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്– ഇത് സൃഷ്ടിയാകുന്ന വൃക്ഷമാണ്. വൃക്ഷത്തിൽ ആദ്യം കുറച്ച് ഇലകളാണ് ഉണ്ടായിരുന്നത് പിന്നെ വളർന്നു വന്നു. ഭിന്ന ഭിന്ന ധർമ്മളുടെ ഇല കാണിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഏതെല്ലാം വേദ ശാസ്ത്രങ്ങളുണ്ടോ അതെല്ലാം ഭഗവദ്ഗീതയുടെ ഇലകളാണ് അർത്ഥം അതിൽ നിന്നാണ് ബാക്കി എല്ലാ ശാസ്ത്രങ്ങളും വന്നത്. പുതിയ വൃക്ഷത്തിന്റെ സ്ഥാപന നടക്കുന്നത് നിങ്ങൾ കാണുന്നുണ്ട്. കൊടുങ്കാറ്റിൽ ചിലത് പെട്ടെന്ന് വാടി പോകുന്നുണ്ട്, വീണു പോകുന്നുണ്ട്. നിങ്ങൾക്ക് അറിയാം ഇപ്പോൾ നമ്മുടെ ദൈവീക വൃക്ഷത്തിന്റെ അടിത്തറ നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. ബാക്കി ഏതെല്ലാം ധർമ്മ സ്ഥാപകരുണ്ടോ, അവർക്ക് ക്രിസ്ത്യൻ ധർമ്മത്തിന്റെ അഥവാ ഇന്ന ധർമ്മത്തിന്റെ അടിത്തറയാണ് ഉണ്ടാക്കി കൊണ്ടിരിക്കുന്നതെന്ന കാര്യം അവർക്കറിയില്ല. പിന്നീടാണ് അടിത്തറ ആരാണ് ചെയ്തത് എന്ന് അറിയുന്നത്. ഇവിടെ ബാബ മുള്ളുകളെ പൂക്കളാക്കുകയാണ്. നിങ്ങൾക്ക് അറിയാം നമ്മുക്ക് ദേവതയാകണം. സർവ്വർക്കും സുഖം കൊടുക്കണം. ആർക്കും ദുഖം കൊടുക്കണം എന്ന ചിന്ത പോലും വരരുത്. നിങ്ങളുടെ വായിൽ നിന്നും വരുന്ന ഓരോ ശബ്ദവും മനുഷ്യരെ വജ്ര സമാനമാക്കി മാറ്റുന്നതായിരിക്കണം. ബാബയും നമ്മുക്ക് ജ്ഞാനം കേൾപ്പിച്ചു തന്നുകൊണ്ടിരിക്കുകയാണ്, അതിനെ ധാരണ ചെയ്യുന്നതിലൂടെ നമ്മൾ വജ്ര സമാനമായി മാറും. വാസ്തവത്തിൽ ടീച്ചർ എന്തിനാണ് ദുഖം കൊടുക്കുക, പഠിപ്പിക്കുകയാണല്ലോ ചെയ്യുക. ബാക്കി മനസ്സിലാക്കി തരും – അഥവാ നല്ല രീതിയിൽ പഠിക്കുന്നില്ലെങ്കിൽ 21 ജന്മത്തേക്ക് നഷ്ടമാണ് ഉണ്ടാവുക. 21 ജന്മങ്ങളിലേക്ക് ഇപ്പോഴാണ് പുരുഷാർത്ഥം ചെയ്യേണ്ടത്. ആരെയാണോ അല്ലയോ ഭഗവാനേ എന്ന് വിളിച്ച് ഓർമ്മിച്ചു കൊണ്ടിരുന്നത് അവരെ ലഭിച്ചു കഴിഞ്ഞു, സാധു സന്യാസിമാരും ഓർമ്മിക്കുകയാണ്. ഭഗവാൻ ഒന്നാണ് ഉള്ളത്. പക്ഷെ ആരാണ് എന്നത് ആർക്കും അറിയില്ല. ശ്രീകൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനായിരുന്നു. കൃഷ്ണൻ സർവ്വരുടേയും ദുഖത്തെ ഹരിച്ച് സുഖം നൽകുന്നവനാണ് എന്ന് പറയാറില്ല. ശ്രീകൃഷ്ണന്റെ ആത്മാവ് സ്വർഗ്ഗത്തിൽ സുഖത്തിലായിരുന്നു, എന്നാൽ ഇപ്പോൾ ദുഖത്തിലാണ്. എന്നാൽ ഭഗവാനെ കുറിച്ച് ഇങ്ങനെ പറയാൻ സാധിക്കില്ല. ബാബ സുഖ–ദുഖത്തിൽ നിന്നും വേറിട്ടതാണ്. ബാബക്ക് മനുഷ്യ ശരീരമില്ല. ബാബ സ്ഥാപന ചെയ്യുകയാണ്, അവിടെ സുഖം മാത്രമായിരിക്കും ഉണ്ടാവുക. അതുകൊണ്ടാണ് ദുഖത്തെ ഹരിച്ച് സുഖം നൽകുന്നവനാണ് എന്നു പറയുന്നത്.

നിങ്ങൾക്കറിയാം നമ്മൾ രാവണന്റെ രാജ്യത്തിൽ അരകല്പമായി ദുഖത്തിലായിരുന്നു. അരകല്പം സുഖമുണ്ടാകും പിന്നെ ദുഖം തന്നെ ദുഖമായിരിക്കും. അതുകൊണ്ടാണ് സന്യാസിമാർ ഇവിടെ ക്ഷണ നേരത്തേക്കുള്ള സുഖമാണ് ഉള്ളത് എന്ന് പറഞ്ഞത് എന്തുകൊണ്ടെന്നാൽ വികാരത്തിലൂടെയാണ് ജന്മം ലഭിക്കുന്നത്. പക്ഷെ ചില പവിത്ര പ്രവൃത്തി മാർഗ്ഗങ്ങളും ഉണ്ട്, അവിടെ ഒരു വികാരവും ഉണ്ടാകില്ല. തീർച്ചയായും അത് സത്യയുഗത്തിലായിരുന്നു. അതിന്റെ പേര് സ്വർഗ്ഗമായിരുന്നു. അവിടെ പവിത്രമായ മാർഗ്ഗമാണ് ഉണ്ടായിരുന്നത്, സ്വർഗ്ഗം ഉണ്ടായിരുന്നു. പിന്നീട് പതിതമായാൽ അതിനെ നരകം, ഭ്രഷ്ടാചാരി മാർഗ്ഗം എന്ന് പറയും. ഇത് സുഖത്തിന്റേയും ദുഖത്തിന്റേയും കളിയാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. മനുഷ്യർ ഇപ്പോഴിപ്പോൾ സുഖം അനുഭവിക്കും, ഇപ്പോഴിപ്പോൾ ദുഖവും അനുഭവിക്കും. അവർക്ക് ഇത് അറിയില്ല സ്വർഗ്ഗത്തിലാണ് സദാ സുഖം ഉണ്ടാവുക, അവിടെ ദുഖത്തിന്റെ പേരോ അടയാളമോ ഉണ്ടാവുകയില്ല. ഇവിടെയാണെങ്കിൽ സുഖത്തിന്റെ പേരോ അടയാളമോ ഇല്ല. വികാരത്തിലേക്ക് പോവുക–ഇത് ദുഖം തന്നെയാണല്ലോ, അതുകൊണ്ടാണല്ലോ സന്യാസിമാർ സന്യാസം ചെയ്യുന്നത് പക്ഷെ അത് നിവൃത്തി മാർഗ്ഗമാണ്. സത്യയുഗത്തിൽ പ്രവൃത്തി മാർഗ്ഗമായിരുന്നു, അത് ശിവാലയമായിരുന്നു. ദേവി ദേവതകളുടെ, ലക്ഷ്മി നാരായണന്റെ ജഡ ചിത്രങ്ങളെല്ലാം ക്ഷേത്രങ്ങളിൽ കിരീടം ധരിച്ച് സിംഹാസനത്തിൽ ഇരുത്തി എങ്ങനെയാണ് അലങ്കരിച്ചിരിക്കുന്നത്. ആ രാജ്യത്തിലാണ് രാജാ റാണിമാരുടെ ദൈവീക സമ്പ്രദായം ഉണ്ടായിരുന്നത്, വേറെ ഒരു ധർമ്മത്തിലും ഇങ്ങനെയുണ്ടാകില്ല. ഇവിടെ ധാരാളം രാജാക്കന്മാർ ഭരിച്ചിരുന്നു എങ്കിലും അവർക്കൊന്നും ഇരട്ട കിരീടങ്ങളുണ്ടായിരുന്നില്ലല്ലോ. സത്യയുഗത്തിൽ ആരംഭം മുതൽ രാജ്യാധികാരം നടക്കുന്നുണ്ട്. ആദി സനാതന ഡബിൾ കിരീടധാരികളായ ദേവി ദേവതകളുടെ

ധർമ്മം ഉണ്ടായിരുന്നു. ഈ ധർമ്മത്തിന്റെ സ്ഥാപന എങ്ങനെ നടന്നു, ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്കാണ് അറിയുന്നത്. ശിവബാബയുടെ നിർദേശത്തിലൂടെ നിങ്ങളും ദുഖത്തെ ഹരിച്ച് സുഖം നൽകുന്നവരാവുകയാണ്. സർവ്വരുടേയും ദുഖത്തെ ഇല്ലാതാക്കി സുഖം കൊടുക്കുക എന്നതാണ് നിങ്ങളുടെ ജോലി. അഥവാ നിങ്ങളും ദുഖം കൊടുത്താൽ നിങ്ങളെ ദുഖ ഹർത്താ സുഖ കർത്താവിന്റെ കുട്ടികളാണ് എന്ന് എങ്ങനെ പറയും. ആദ്യം മനസ്സിൽ ചിന്തയുടെ രൂപത്തിലാണ് വരുന്നത്, പിന്നീട് അത് കർമ്മമായി തീരും. നിങ്ങൾ കുട്ടികൾ വളരെയധികം മധുരതയുള്ളവരാകണം. ഭഗവാൻ പഠിപ്പിക്കുകയാണ്, ഏതുവരെ നിങ്ങളുടെ പെരുമാറ്റം ദേവതകളുടേതു പോലെ ആയിത്തീരുന്നില്ലയോ അതുവരെ മനുഷ്യർ നിങ്ങളെ എങ്ങനെ വിശ്വസിക്കും. ഗീതയിലുമുണ്ട്– ഭഗവാനുവാച ഞാൻ നിങ്ങളെ നരനിൽ നിന്നും നാരായണനാക്കാം. ഭഗവാൻ തീർച്ചയായും സംഗമത്തിൽ വരുമല്ലോ. ഭഗവാനുവാച–ഞാൻ നിങ്ങളെ രാജയോഗം അഭ്യസിപ്പിക്കുകയാണ് അപ്പോൾ തീർച്ചയായും പഴയ ലോകത്തിന്റെ വിനാശവും നടന്നിട്ടുണ്ടാകും. ഇത് കൃഷ്ണൻ ചെയ്യേണ്ടതല്ല. ത്രിമൂർത്തികളെ കാണിക്കാറുണ്ട് എന്നാൽ അതിൽ ശിവനെ കാണിക്കാറില്ല. പിന്നെ പറയും ബ്രഹ്മാവിന് 3 മുഖമാണ് ഉള്ളതെന്ന്. പിന്നെ ഈ ഒരു മുഖമുള്ള ബ്രഹ്മാവ് എവിടെ നിന്നാണ് വന്നത്. മനുഷ്യന് എങ്ങനെയാണ് 3 മുഖം ഉണ്ടാവുക. ബാബ പറയുകയാണ് നിങ്ങൾ എന്റെ വിവേകശാലി കുട്ടികളാണ്. നിങ്ങൾ തന്നെയാണ് വിശ്വരാജ്യം ഭരിച്ചിരുന്നത്. ഇപ്പോൾ ബാബ നിങ്ങളെ ദേഹിഅഭിമാനി ആക്കുകയാണ്. അതിനാൽ ഇപ്പോൾ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. എല്ലാവരെയും അശരീരിയാക്കി മുക്തിധാമത്തിലേക്ക് കൊണ്ടു പോകുന്നു. ഇവിടെ വന്നിട്ടാണ് നിങ്ങൾ ഈ ശരീരം ധാരണ ചെയ്തത്. ശരീരം ധാരണ ചെയ്ത് ചെയ്ത് ഇപ്പോൾ ദേഹാഭിമാനം ഉറച്ച് പോയിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. നിങ്ങൾ ആത്മാക്കൾ 84 ജന്മങ്ങളുടെ പാർട്ട് അഭിനയിച്ച് കഴിഞ്ഞു. ഇത് അന്തിമ ജന്മമാണ്, ഇങ്ങനെ സ്വയം സ്വയത്തോട് സംസാരിക്കണം. ബാബ പറയുകയാണ് ഇപ്പോൾ നിങ്ങൾ ദേഹി അഭിമാനിയാകണം, തിരിച്ച് പോകണം, പിന്നീട് നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്ക് വരണം. ഇപ്പോൾ നിങ്ങൾ എന്നിലൂടെ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി പ്രാപ്തമാക്കാൻ പരിശ്രമം ചെയ്യുകയാണ്. ബാബയെ മറക്കുന്നത് കൊണ്ടാണ് സന്തോഷത്തിന്റെ അളവ് വർദ്ധിക്കാത്തത്. ശാസ്ത്രങ്ങളിൽ എത്ര വലിയ തെറ്റുകളാണ് എഴുതിയിരിക്കുന്നത്, ശിവബാബയെ തന്നെ കാണിച്ചിട്ടില്ല. പൂജ ചെയ്യുകയും അതോടൊപ്പം നാമരൂപത്തിൽ നിന്നും വേറിട്ടതാണെന്നും പറയുന്നു. അപ്പോൾ പിന്നെ ആരുടെ പൂജയാണ് ചെയ്യുന്നത്. ആരെയാണ് ഓർമ്മിക്കുന്നത്. ആത്മാവ് ഭ്രുഗുഡി മദ്ധ്യത്തിലുണ്ടെന്നാണ് പറയുന്നത്. പക്ഷെ ആത്മാവ് ആരുടെ സന്താനമാണ്– ഇത് ആർക്കും അറിയില്ല. ഞാൻ ആത്മാവ് ഭ്രുഗുഡി മദ്ധ്യത്തിലിരുന്ന് ഈ ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുകയാണ്, ഈ വസ്ത്രത്തെ കളിപ്പിക്കുകയാണ്. പാവകളെ വെച്ച് നൃത്തം ചെയ്യിപ്പിക്കാറുണ്ടല്ലോ. മറ്റൊരു വ്യക്തി പാവകളെ കളിപ്പിക്കുകയാണ് ചെയ്യുന്നത്. ആദ്യമാദ്യം ദേഹിഅഭിമാനിയാകണം അതോടൊപ്പം ബാബ എന്താണോ മനസ്സിലാക്കി തരുന്നത് അതിനെ ധാരണ ചെയ്യണം. പ്രദർശിനിയിൽ ആദ്യമാദ്യം ബാബയുടെ പരിചയം കൊടുക്കണം അതായത് ഇതാണ് സർവ്വരുടേയും അച്ഛൻ, ഒന്ന് നിരാകാരനാണ്, മറ്റൊന്ന് സാകാരത്തിലുള്ള പ്രജാപിതാവാണ് – രണ്ട് അച്ഛൻമാരാണ് ഉള്ളത്. നിങ്ങൾക്ക് അറിയാം ലൗകിക അച്ഛനുമുണ്ട്, പാരലൗകിക അച്ഛനുമുണ്ട്. ഒന്ന് പരിധിയുള്ള അച്ഛനും മറ്റൊന്ന് പരിധിയില്ലാത്ത അച്ഛനുമാണ്. ഇപ്പോൾ പുതിയ രചനയെ രചിക്കുകയാണ്. നമ്മൾ ബാബയിൽ നിന്നും സമ്പത്ത് നേടുകയാണ്. ഇങ്ങനെ സംസാരിച്ച് ഉറച്ചവരാകണം. ദേഹിഅഭിമാനിയാകണം. നമ്മൾ ശിവബാബയുടെ അടുത്ത് പഠിക്കാനാണ് വന്നിരിക്കുന്നത .ദേഹിഅഭിമാനിയാകണം. നമ്മൾ ശിവബാബയുടെ അടുത്താണ് പഠിക്കുന്നത്, പരംപിതാ പരമാത്മാവ് നിരാകാരനാണ്. സാകാരിയാണ് പ്രജാപിതാ ബ്രഹ്മാവ്. നിങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളായ ബ്രാഹ്മണരാണ്. നിങ്ങളെ ബ്രഹ്മാവ് ദത്തെടുത്തതാണ്. നിങ്ങൾ പുതിയ രചനയായ ബ്രാഹ്മണരാണ്. അവർ പഴയ ഭൗതികമായ ബ്രാഹ്മണരാണ്. അവർ ഭൗതികമായ യാത്രയാണ് ചെയ്യിപ്പിക്കാറുള്ളത്. നിങ്ങൾ ആത്മീയ യാത്രയാണ് ചെയ്യിപ്പിക്കുന്നത്.

നിങ്ങൾ കുട്ടികൾ ഇപ്പോൾ ശ്രേഷ്ഠരാവുകയാണ്. ഇത് ഈശ്വരീയ മിഷനറിയാണ് – ഇതിലൂടെ ഭ്രഷ്ടാചാരിയിൽ നിന്നും ശ്രേഷ്ഠാചാരിയാകും. ഒരു മനുഷ്യർക്കും നിങ്ങളെ ശ്രേഷ്ഠാചാരിയാക്കാൻ സാധിക്കുകയില്ല. വാസ്തവത്തിൽ സത്യം സത്യമായ സദാചാര സമിതി നിങ്ങളുടേതാണ്. നിങ്ങളുടെ നേതാവ് ആരാണെന്ന് നോക്കൂ. ബാബ പറയുകയാണ് ഞാൻ വീണ്ടും രാജയോഗം അഭ്യസിപ്പിക്കാൻ വന്നിരിക്കുകയാണ്, ഇത് സംഗമയുഗമാണ്. ഇപ്പോൾ മനുഷ്യരെ ദേവതകളാക്കുകയാണ്. നിങ്ങൾക്കറിയാം നമ്മൾ ശൂദ്രനിൽ നിന്നും ഇപ്പോൾ ബ്രാഹ്മണനാവുകയാണ്. ബ്രാഹ്മണരാണ് കുടുമി ഉള്ളവർ. ബ്രഹ്മാവും കുടുമിയാണ്. ബ്രഹ്മാവിൽ ആരാണോ പ്രവേശിക്കുന്നത് ആ ബാബയെ ഈ കണ്ണുകളിലൂടെ കാണാൻ സാധിക്കുകയില്ല. ബാക്കി എല്ലാവരേയും കാണാൻ സാധിക്കും, ബുദ്ധി കൊണ്ട് അറിയാൻ കഴിയും, നിരാകാരനായ ബാബയാണ് നമ്മളെ പഠിപ്പിക്കുന്നത്. ബ്രഹ്മാവിന് ഇവിടെയാണ് ബ്രാഹ്മണരെ വേണ്ടത്. സൂക്ഷ്മ

വതനത്തിൽ അല്ല. ദത്തെടുക്കുകയാണ് ചെയ്തത്, വ്യക്ത ബ്രഹ്മാവാണ് അവ്യക്തമായത്. ഇത് വളരെ മനസ്സിലാക്കാനുള്ള കാര്യങ്ങളാണ്. ആദ്യമാദ്യം ലക്ഷ്യത്തെ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് എവിടെ ഇരുന്നുകൊണ്ടാണെങ്കിലും ഇത് പഠിക്കാൻ സാധിക്കും. മുരളി ദിവസവും കേൾക്കണം. ഒരു ദിവസമെങ്കിലും കേൾക്കാതിരുന്നാൽ വളരെ നഷ്ടം ഉണ്ടാകും എന്തുകൊണ്ടെന്നാൽ പോയിന്റ്സ് വളരെ ആഴത്തിൽ ഉള്ളതാണ്, വജ്രങ്ങളും രത്നങ്ങളുമാണ് നൽകുന്നത്. ബാബ ഫസ്റ്റ്ക്ലാസ്സ് രത്നം നൽകുകയും നിങ്ങൾക്ക് അത് ലഭിച്ചില്ലെങ്കിൽ വലിയ നഷ്ടമാകില്ലേ. നിത്യേന വരുന്ന വിദ്യാർത്ഥി ആണെങ്കിൽ വളരെ കൃത്യത ഉള്ളവരായിരിക്കും. നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ ഉയർന്ന പദവി പ്രാപ്തമാക്കാൻ സാധിക്കില്ല. ഇത് വളരെ ഉയർന്ന പഠിപ്പാണ്. സരസ്വതിക്ക് വീണയും കൃഷ്ണന് മുരളിയുമാണ് കാണിച്ചിരിക്കുന്നത്. വാസ്തവത്തിൽ തെറ്റായിട്ടാണ് കൃഷ്ണന് കൊടുത്തിരിക്കുന്നത്. ബ്രഹ്മാവിനാണ് കാണിക്കേണ്ടത്. നിങ്ങൾക്ക് അറിയാം ഇത് ശിവബാബ ഉപയോഗിക്കുന്ന മുഖമാണ്. കൃഷ്ണനും സരസ്വതിക്കും ബന്ധമൊന്നുമില്ല. എല്ലാം സംശയിപ്പിച്ചിരിക്കുകയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഞാൻ ആത്മാവ് ഈ ശരീരമാകുന്ന പാവയെ കളിപ്പിക്കുകയാണ്. ഞാൻ ഇതിൽ നിന്നും വേറിട്ടതാണ്, ഈ അഭ്യാസം ചെയ്ത് ചെയ്ത് ദേഹി-അഭിമാനിയാകണം.

2) മുരളി ഒരിക്കലും മുടക്കരുത്, നിത്യേന വരണം. പഠിപ്പിൽ വളരെ വളരെ കൃത്യത ഉള്ളവരാകണം.

## വരദാനം:- മായയുടെയും പ്രകൃതിയുടെയും ഇളക്കങ്ങളിൽ നിന്ന് സദാ സുരക്ഷിതമായി കഴിയുന്ന ദിലാരാമന്റെ ഹൃദയസിംഹാസനധാരിയായി ഭവിക്കൂ

സദാ സുരക്ഷിതമായി കഴിയുന്നതിനുള്ള സ്ഥാനം ദിലാരാമനായ ബാബയുടെ ഹൃദയസിംഹാസനമാണ്. സദാ ഈ സ്മൃതിയിൽ കഴിയൂ ഭഗവാന്റെ ഹൃദയസിംഹാസനധാരിയായി കഴിയുക ഇത് നമ്മുടെ മാത്രം ശ്രേഷ്ഠ ഭാഗ്യമാണ്. ആരാണോ പരമാത്മാവിന്റെ ഹൃദയത്തിൽ ലയിച്ചിട്ടുള്ളത് അഥവാ ഹൃദയസിംഹാസനധാരിയായിട്ടുള്ളത് അവർ സദാ സുരക്ഷിതരാണ്. മായയുടെ അല്ലെങ്കിൽ പ്രകൃതിയുടെ കൊടുങ്കാറ്റിന് അവരെ ഇളക്കാൻ സാധിക്കില്ല. ഇങ്ങനെ ഇളകാതെ കഴിയുന്നവരുടെ ഓർമ്മചിഹ്നമാണ് അചൽഘർ, ചഞ്ചല ഗൃഹമല്ല, അതുകൊണ്ട് സ്മൃതി ഉണ്ടായിരിക്കണം നമ്മൾ അനേക പ്രാവശ്യം അചഞ്ചലരായിട്ടുണ്ട് ഇപ്പോഴും അചഞ്ചലരാണ്.

## സ്ലോഗൻ:- ജ്ഞാന സ്വരൂപവും പ്രേമ സ്വരൂപവും ആകുന്നത് തന്നെയാണ് ശിക്ഷണങ്ങളെ സ്വരൂപത്തിലേക്ക് കൊണ്ടു വരിക എന്നത്.